**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 801 — 11/07/2016-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപണികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുമോ; | (എ) ഉണ്ട്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഡി.പി.ഐ ആസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന കെട്ടിടം ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്; ഇതിന്റെ പണികൾ നിന്നു പോകുന്നതിന് കാരണമെന്താണ്; | (ബി) ഓഫീസ് കെട്ടിടങ്ങൾ ചെയ്യുന്നതിനുള്ള ശീർഷകത്തിലെ പ്ലാൻ വർക്കിൽ ഉൾപ്പെടുത്തിയാണ് കെട്ടിടം നിർമ്മിക്കുന്നത്. 420 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ച ബാക്കി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഇനിയും 486 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ക്ഷൻ അനുവദിച്ചിട്ടുള്ളത്; | (സി) 25/02/2011-ലെ സ.ഉ(സാധാ) നം. 350/2011/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ; | (ഡി) രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | ഈ കെട്ടിടം പൂർത്തീകരിക്കുമ്പോൾ ഡി.പി.ഐ.യിലെ ഓഫീസുകൾ അവിടേക്ക് മാറ്റാൻ കഴിയുമോ? | (ഇ) കഴിയും എന്നു പ്രതീക്ഷിക്കുന്നു. |

Sheela H

സെക്ഷൻ ഓഫീസർ